# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1069.** **05.02.2020 ൽ മറുപടിയ്ക്ക്**

## ലഹരിമുക്ത നവകേരളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.യു.പ്രതിഭ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.എം.മുകേഷ്<br>പ്രൊഫ.കെ.യു.അരുണൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരിമുക്ത നവകേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി വിമുക്തി മിഷൻ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ; | (എ) | എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തി ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന പരമപ്രധാനമായ ലക്ഷ്യത്തോടെ വിവിധങ്ങളായ ബോധവൽക്കരണ പരിപാടികൾ ആണ് 'വിമുക്തി' ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. ഈ പദ്ധതി പ്രവർത്തനങ്ങളുടെ നിയന്ത്രണത്തിനും ഏകോപനത്തിനുമായി സംസ്ഥാന-ജില്ലാ ഡയറക്ടറേറ്റുകൾക്ക് രൂപം നൽകിയിട്ടുണ്ട്. വൈവിധ്യങ്ങളായ പദ്ധതികൾ ആസൂത്രണത്തിനും വിശദീകരണത്തിനുമായി ശില്പശാലകൾ സംഘടിപ്പിച്ച് വരുന്നു. സംസ്ഥാനത്തെ എല്ലാ സ്കൂളുകളും കോളേജുകളും, സർക്കാർ ഓഫീസുകളും, ഗ്രാമീണ ഗ്രന്ഥശാലകളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും, സമൂഹത്തിന്റെ അടിസ്ഥാന മേഖലകളിൽ ഉൾപ്പെടെ ബോധവൽക്കരണ സന്ദേശങ്ങൾ എത്തിക്കുന്നതിനായി വിദ്യാർത്ഥികൾ, ട്രേഡ് യൂണിയൻ അംഗങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ആർട്സ് ആൻഡ് |

| | | | |
|---|---|---|---|
| | | | സ്പോർട്സ് ക്ലബ്ബുകൾ, കലാ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ, മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളിലും ഉൾപ്പെട്ട ജനവിഭാഗത്തെ ഉൾപ്പെടുത്തി മദ്യത്തിനും മയക്ക് മരുന്നിനും എതിരായ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും നിർദേശങ്ങൾ നൽകി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ "നാളത്തെ കേരളം ലഹരി മുക്ത നവ കേരളം" എന്ന തീവ്ര ബോധവൽക്കരണ പരിപാടി സമസ്ത മേഖലകളിലും നടത്തി വരുന്നു. മദ്യത്തിന്റെയും മയക്ക് മരുന്നിന്റെയും വിപണനവും വ്യാപനവും സംബന്ധിച്ചുള്ള പ്രായോഗിക വിവര ശേഖരണം നടത്തുന്നതിനും ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി കൗൺസിലിംഗും ചികിത്സയും നൽകുന്നതിനായി എല്ലാ വാർഡുകൾ കേന്ദ്രീകരിച്ചും അഞ്ചു മുതൽ പത്ത് വരെ അംഗങ്ങൾ ഉള്ള വിമുക്തി സേന രൂപീകരിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | ജീവിതമാണ് ലഹരി എന്ന സന്ദേശവുമായി വിമുക്തി മിഷൻ സംസ്ഥാനമൊട്ടാകെ വാഹനപ്രചരണജാഥ | (ബി) | വാഹനപ്രചരണജാഥ സംഘടിപ്പിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ വിമുക്തി മൊബൈൽ യൂണിറ്റ് ഉപയോഗിച്ച് ഹ്രസ്വ ചിത്ര പ്രദർശനം, തെരുവ് |

| | | | |
|---|---|---|---|
| | സംഘടിപ്പിച്ചിട്ടുണ്ടോ; | | നാടകങ്ങൾ എന്നിവയോട് കൂടിയ വാഹന പ്രചരണ യാത്ര തിരുവനന്തപുരം മുതൽ കാസറഗോഡ് വരെ സംഘടിപ്പിച്ചു. ഈ വാഹനം 43 ദിവസം കൊണ്ട് 2768 കിലോമീറ്റർ ദൂരം സഞ്ചരിച്ച് സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ആകെ 227 എണ്ണം വൈവിധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | സ്കൂളുകളിലും കോളേജുകളിലും ലഹരിമുക്തക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്ക്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ ലഹരി മുക്ത തീവ്രയത്ന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വരുന്നു. നാളിതുവരെ 4381 സ്കൂൾ ക്ലബ്ബുകളും, 732 കോളേജ് ക്ലബ്ബുകളും രൂപീകരിച്ച് കഴിഞ്ഞു. |
| (ഡി) | വിദ്യാലയങ്ങളുടെ പരിസരത്തുള്ള കടകളിലോ, മറ്റു സ്ഥാപനങ്ങളിലോ ലഹരിവസ്തുക്കൾ വിൽക്കുന്നതു തടയുന്നതിനും അപ്രകാരം കണ്ടെത്തിയാൽ കർശനശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | നിർദേശം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ പരിസരത്തുള്ള കടകളിലും മറ്റ് സ്ഥാപനങ്ങളിലും ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി നിരന്തരം റെയ്ഡുകളും രഹസ്യ നിരീക്ഷണവും നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം കടകളുടെ/സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ